## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2362 08.12.2015- ൽ മറുപടിക്ക്**

## "ചെറുകിട വ്യവസായ സംരംഭങ്ങൾ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നൽകി വരുന്ന ധനസഹായ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ? | എ) | നിലവിലെ സാങ്കേതിക വിദ്യകളിലെ മാറ്റം കൊണ്ടോ മറ്റ് പ്രശ്നങ്ങൾ കൊണ്ടോ നഷ്ടത്തിലാകുന്ന വ്യവസായ സംരംഭങ്ങൾ Modernisation/Diversification/Expansion എന്നിവ ചെയ്യുകയാണെങ്കിൽ സംരംഭക സഹായ പദ്ധതി പ്രകാരം അർഹമായ നിക്ഷേപത്തിന് 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ സബ്സിഡി ആനുകൂല്യം നൽകുകയും പുനരുദ്ധാരണത്തിന് അർഹമെങ്കിൽ അപ്രകാരമുള്ള സംരംഭങ്ങൾക്ക് വായ്പ ലഭിക്കുന്നതിനായി ബാങ്കുമായി സഹകരിച്ച് ആവശ്യമായ സഹായം നൽകുകയും ചെയ്യുന്നുണ്ട്.<br>കൂടാതെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങളെ തിരിച്ചറിയുകയും മാനേജുമെന്റുകൾ മാറ്റിയോ ബാങ്ക് ഫിനാൻസ് തരപ്പെടുത്തി കൊടുത്തോ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതിയാണ് ജില്ലാ തലത്തിൽ നിലവിലുള്ളത്. |

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാര ത്തിൽ വന്നതിനു ശേഷം നഷ്ടം വന്ന് പ്രവർത്തനം നിലച്ചു പോയ എത്ര ചെറുകിട സംരംഭങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയതിന്റെ ജില്ലാടിസ്ഥാന ത്തിലുള്ള കണക്ക് ലഭ്യമാക്കുമോ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും പ്രവർത്തനം നിലച്ച പോയ ചെറുകിട സംരംഭങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തനം ആരംഭിച്ചവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു. |

| ജില്ല | പുനരുദ്ധരിച്ചവയുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 25 |
| കൊല്ലം | 4 |
| പത്തനംതിട്ട | 30 |
| ആലപ്പുഴ | 38 |
| കോട്ടയം | 11 |
| ഇടുക്കി | 6 |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | 112 |
| മലപ്പുറം | 73 |
| കോഴിക്കോട് | 17 |
| വയനാട് | ഇല്ല |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | ഇല്ല |

(signature)

**സെക്ഷൻ ഓഫീസർ**